**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1236** **06.03.2018 ൽ മറുപടിയ്ക്ക്**

## കൃഷിജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) 2016-17 സാമ്പത്തിക വർഷം മുതൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സമഗ്ര ജൈവ കൃഷി പദ്ധതി "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും" എന്ന പേരിൽ സംസ്ഥാനത്തുടനീളം നടപ്പാക്കി വരുന്നു. പദ്ധതി വിശദാംശങ്ങൾ ചുവടെ വിശദീകരിക്കുന്നു.<br><br>I <u>ജൈവകൃഷിയും ഉത്തമ കൃഷി മുറകളും (2016-17)</u><br><br>1. <u>ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ</u><br>സംസ്ഥാനത്തെ 14 ജില്ലകളിലും ജൈവകൃഷി ക്ലസ്റ്ററുകൾ രൂപീകരിച്ചു.<br>2. <u>ജൈവവള നിർമ്മാണ യൂണിറ്റ്</u> - കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് ധനസഹായം നൽകി.<br>3. <u>ഇക്കോഷോപ്പുകൾ</u> - ജൈവ പഴം-പച്ചക്കറി ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് 65 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു.<br>4. <u>ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം</u> -<br>ജി.എ.പി ക്ലസ്റ്ററുകളിൽ നിന്നും സംഭരിച്ച പഴം-പച്ചക്കറി ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റെസിഡൻറ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് |

ധനസഹായം നൽകി.

5. ജൈവ കാർഷിക മണ്ഡലം അവാർഡ്

ജൈവകൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച നിയോജക മണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് അവാർഡ് നൽകി.

II ജൈവകൃഷിയും ഉത്തമ കൃഷി മുറകളും (2017-18)

നടപ്പ സാമ്പത്തിക വർഷം 1000 ലക്ഷം രൂപ ചെലവിൽ ജൈവകൃഷി പദ്ധതി സംസ്ഥാനത്തുടനീളം നടപ്പാക്കി വരുന്നു.

1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ -

നടപ്പ സമ്പത്തിക വർഷം 155 ജി. എ. പി ക്ലസ്റ്ററുകളാണ് പുതുതായി പ്രവർത്തനം നടത്തുന്നത്. നിലവിൽ 126 ക്ലസ്റ്ററുകൾ പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

2. ഇക്കോഷോപ്പുകൾ -

പുതുതായി 150 ഇക്കോഷോപ്പുകളാണ് സ്ഥാപിക്കുന്നത്.

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം-

ജി.എ.പി ക്ലസ്റ്ററുകളിൽ നേരിട്ട് സംഭരിക്കുന്ന ജൈവപഴം- പച്ചക്കറി ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പാക്കിംഗ് എന്നിവ നടത്തി കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് ധനസഹായം നൽകുന്നു.

4. ജൈവ കാർഷിക മണ്ഡലം അവാർഡുകൾ- അവാർഡ് നിർണയവും അവാർഡുകളും -

ജൈവകൃഷിയിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നവർക്ക് നിയോജക മണ്ഡലാടിസ്ഥാനത്തിലും, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിലും അവാർഡുകൾ നൽകുന്നു..

5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ-

കാസർഗോഡ് ജില്ലയിൽ ജൈവകൃഷി സമ്പൂർണ്ണമാക്കുന്നതിന്റെ ഭാഗമായി

വി.എഫ്.പി.സി.കെ വഴി പി.ജി.എസ് സർട്ടിഫിക്കേഷൻ നടപ്പാക്കുന്നു.

6. കുട്ടനാട് ജി.എ.പി-

കുട്ടനാട്ടിലെ സുസ്ഥിര കൃഷി ഉറപ്പാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി വ്യാപിപ്പിക്കുന്നതിനുമായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്ന കുട്ടനാടൻ പ്രദേശത്ത് ജൈവ നെൽകൃഷി പദ്ധതി നടപ്പിലാക്കുന്നു.

ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിപണനം ചെയ്യാൻ പുതിയതായി ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ടോ;

ബി) ഉണ്ട്.

സി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

സി) നിലവിൽ 165 ഇക്കോഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ജില്ല | 2016-17 -ൽ അനുവദിച്ച ഇക്കോഷോപ്പുകളുടെ എണ്ണം | 2017-18 -ൽ അനുവദിച്ച ഇക്കോഷോപ്പുകളുടെ എണ്ണം | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 3 | 10 | 13 |
| 2 | കൊല്ലം | - | 5 | 5 |
| 3 | പത്തനംതിട്ട | - | 8 | 8 |
| 4 | ആലപ്പുഴ | 1 | 15 | 16 |
| 5 | കോട്ടയം | 5 | 12 | 17 |
| 6 | ഇടുക്കി | 2 | 18 | 20 |
| 7 | എറണാകുളം | - | 5 | 5 |
| 8 | തൃശ്ശൂർ | 1 | 15 | 16 |
| 9 | പാലക്കാട് | 2 | 15 | 17 |
| 10 | മലപ്പുറം | - | 12 | 12 |
| 11 | കോഴിക്കോട് | - | 5 | 5 |
| 12 | വയനാട് | - | 8 | 8 |
| 13 | കണ്ണൂർ | 1 | 12 | 13 |
| 14 | കാസർഗോഡ് | - | 10 | 10 |
| | **ആകെ** | **15** | **150** | **165** |

| | | | |
|---|---|---|---|
| | | | ഇതിൽ 122 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ഡി) | ഇതിനായി സർക്കാർ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ? | ഡി) | 2016-17 -ൽ 15 ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് 70 ലക്ഷം രൂപ ചെലവഴിച്ചു.ജൈവ ക്ലസ്റ്ററുകളിൽ നിന്നും ശേഖരിക്കുന്ന ജി.എ.പി ഉല്പന്നങ്ങൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി.എ.പി സർട്ടിഫിക്കേഷനോടും കൂടി ഇക്കോഷോപ്പ് മുഖാന്തിരം വില്പന നടത്തുന്നതിന് കിലോക്ക് 5 രൂപ നിരക്കിൽ 11.64 ലക്ഷം രൂപ കർഷകർക്ക് പ്രോത്സാഹന തുക(ഇൻസെന്റീവ്)നൽകി. 2017-18-ൽ 150 ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ 300 ലക്ഷം രൂപ ധനസഹായം നൽകുന്നു. ഇതിനു പുറമെ 2014-15, 2015-16, 2016-17 വർഷങ്ങളിൽ സ്ഥാപിച്ച 65 ഇക്കോഷോപ്പുകൾക്ക് ഈ സാമ്പത്തിക വർഷം 60 ലക്ഷം രൂപ ധനസഹായം നൽകുന്നു. ആകെ 430 ലക്ഷം രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്. |

Mayap

സെക്ഷൻ ഓഫീസർ